**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2557** **12-12-2022 - ൽ മറുപടിയ്ക്ക്**

**ഞാറക്കൽ താലൂക്ക് ആശുപത്രി കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജിഡയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതും തദ്ദേശസ്വയംഭരണ വകുപ്പ് 07.03.2019-ലെ സർക്കാർ ഉത്തരവ് 559/2019/എൽ.എസ്.ജി.ഡി. പ്രകാരം 5.95 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമായ ഞാറക്കൽ താലൂക്ക് ആശുപത്രി കെട്ടിടം എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | ഞാറക്കൽ താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. കെട്ടിടം പ്രവർത്തന സജ്ജമാക്കണമെങ്കിൽ അഗ്നിശമന സുരക്ഷ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ആയതു ഒരു പുതിയ പ്രവർത്തിയായി ടെണ്ടർ ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്നും അതിന് കുറഞ്ഞത് 4 മാസം സമയം വേണ്ടിവരുമെന്നും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടത്തിന് അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത കെട്ടിടത്തിന്റെ അഗ്നി സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം 7.2 ലക്ഷം രൂപയുടെ അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. തുടർന്ന്, വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം 93 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിയ്ക്കുകയും ചെയ്തിരുന്നു.<br><br>മേൽ രണ്ട് എസ്റ്റിമേറ്റുകളും തമ്മിലുള്ള അന്തരം കണക്കിലെടുത്ത്, വിഷയം സംബന്ധിച്ച് എറണാകുളം റീജിയണൽ ഫയർ ഓഫീസറുമായി ചർച്ച ചെയ്യുകയും, കെട്ടിടത്തിന്റെ പ്ലാൻ സഹിതം പരിശോധനയ്ക്ക് എത്തിയ്ക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഫയർ ഓഫീസിൽ നിന്നുള്ള നിർദ്ദേശ പ്രകാരം എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് അംഗീകരിയ്ക്കുന്നതുപ്രകാരം അനുമതിക്കുള്ള നടപടി എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ